**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2069** **05-02-2026-ൽ മറുപടിയ്ക്ക്**

**പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. ഉബൈദുള്ള

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്ത് നിലവിൽ 3003 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

തിരുവനന്തപുരം-259

കൊല്ലം-191

പത്തനംതിട്ട-134

ആലപ്പുഴ-206

കോട്ടയം-205

ഇടുക്കി-142

എറണാകുളം-295

തൃശ്ശൂർ-238

പാലക്കാട്-288

മലപ്പുറം-334

കോഴിക്കോട്-215

വയനാട്-81

കണ്ണൂർ-275

കാസർഗോഡ്-140

**(ബി)** അക്ഷയ കേന്ദ്രങ്ങളുടെ എണ്ണക്കുറവ് മൂലം പൊതുജനങ്ങൾക്ക് ഇ-സേവനങ്ങൾ യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

**<u>മറുപടി:</u>** ഇല്ല.

വയോജനങ്ങൾ, ഗർഭിണികൾ, ഭിന്നശേഷിക്കാർ തുടങ്ങി യാത്ര ചെയ്യാൻ ബുദ്ധിമുട്ടുള്ള വിഭാഗം ജനങ്ങൾക്ക് കൂടുതൽ സൗകര്യമാകും വിധത്തിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; ജനങ്ങൾക്ക് ഇ-സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുവാൻ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** 30/07/2021 സ.ഉ.(കൈ) നം.24/2021/വി.സ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അക്ഷയ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മി ഉം, മുനിസിപ്പാലിറ്റികളിൽ 1.5 കി.മി ഉം, കോർപ്പറേഷനിൽ 1 കി.മീറ്ററുമായി 30/07/2021 ലെ സ.ഉ.(കൈ)നം.24/2021/വി.സ.വ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഈ ദൂരപരിധി പാലിച്ചുകൊണ്ട് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശുപാർശയോടുകൂടി അക്ഷയ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നു. തുടർന്ന് അംഗീകാരം ലഭിച്ച ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അതത് ജില്ലാ ഓഫീസുകളിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്ലസ് ടു/ പ്രീഡിഗ്രി പാസ്സായവരും 18 വയസിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ പരീക്ഷ, അഭിമുഖം, 300 ച.അടി വിസ്തീർണ്ണമുള്ള മുറിയുടെ ലഭ്യത എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് അക്ഷയ സംരംഭകരെ തെരഞ്ഞെടുത്ത് നടപടിക്രമം പുറപ്പെടുവിക്കുന്നു.

ജനങ്ങൾക്ക് ഇ-സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുവാൻ 912 പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**